# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂലൈ 18, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

30 (*241) **ദേശീയപാത വികസനത്തിനുള്ള മാർഗ്ഗരേഖകൾ**

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച്.17, എൻ.എച്ച്.47 എന്നിവ 45 മീറ്റർ വീതിയിലും മറ്റ് ദേശീയപാതകൾ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി 18 മീറ്റർ വീതിയിലുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് സഭയെ അറിയിച്ചു. എൻ.എച്ച്.47-ന്റെ വാളയാർ മുതൽ വടക്കാഞ്ചേരി വരെയും തൃശ്ശൂർ മുതൽ അങ്കമാലി വരെയും

നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വടക്കുംചേരി മുതൽ തൃശ്ശൂർ വരെയും കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള നിർമ്മാണ പ്രവർത്തനങ്ങളും കർണ്ണാടക അതിർത്തി മുതൽ വെങ്ങളം വരെയുള്ള ദേശീയപാത വികസനത്തിന്റെ ഡി.പി.ആർ. പുതുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. വെങ്ങളം മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ഡി.പി.ആർ. കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല സമിതികളും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. തൃശ്ശൂർ-കോഴിക്കോട് ദേശീയപാത വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കടമ്പാട്ടുകോണം-നാവായിക്കുളം ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചും പാലിയേക്കര ടോൾ പിരിവുമായി ബന്ധപ്പെട്ടുമുള്ള പരാതികൾ പരിഹരിക്കുന്നതാണ്. കഴക്കൂട്ടം-കേശവദാസപുരം റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണെന്നും ദേശീയപാതയോട് ചേർന്ന് വേ സൈഡ് അമിനിറ്റീസ് സെന്റർ

സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 31 (*242) പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ നടപടി

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് റീസർഫസിംഗ് നടത്തിയ 18 റോഡുകളുടെ ഉപരിതലത്തിന്റെ നിലവാരം വർദ്ധിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 100 കി.മീ. ദൈർഘ്യം വരുന്ന റോഡുകളുടെ ഉപരിതലം ഇത്തരത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതായി സഭയെ അറിയിച്ചു. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം 09-11-2015-ലെ ഉത്തരവുപ്രകാരം നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയുടെ 50 കി.മീ. ചുറ്റളവിനകത്തുവരുന്ന റോഡുകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട്മിക്സിൽ ചേർക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ ടാറിംഗിന് പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിക്കുന്നതിനാവശ്യമായ സഹായം നൽകുന്നതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ മുൻനിർത്തി റിഫൈനറിയിൽ വച്ചുതന്നെ

ബിറ്റുമിനസ് ഹോട്ട്മിക്സിൽ പ്ലാസ്റ്റിക് ചേർക്കാനാകുമോയെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ബി.എം.&ബി.സി. റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഡിസൈനിംഗ് വിംഗ് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32 (*243) **<u>പ്രകൃതി ദുരന്തം നേരിടാനുള്ള മുൻകരുതലുകൾ</u>**

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ അപകടങ്ങൾ നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (State Disaster Management Authority)-യുടെ കീഴിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും (State Emergency Operations Centre) ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും (District Emergency Operations Center) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നതായി സഭയെ അറിയിച്ചു. കേന്ദ്ര ഭൗമശാസ്ത്ര

പഠനകേന്ദ്രത്തിന്റെ സഹായത്തോടെ ഓരോ വില്ലേജിലെയും പ്രകൃതി ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക ജില്ലാതലത്തിൽ തയ്യാറാക്കി ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇടിമിന്നൽ, തീരശോഷണം, ശക്തമായ കാറ്റ് എന്നിവയെ ദുരന്തങ്ങളുടെ പട്ടികയിൽപ്പെടുത്തി ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (National Cyclone Risk Mitigation Project) നടപ്പാക്കി വരികയാണ്. എറണാകുളത്ത് കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ട്. വരൾച്ചാ പ്രതിരോധ പ്രവൃത്തിയായി 'മഴപ്പൊലിമ' പദ്ധതിയും കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്നതിന് ഐക്യരാഷ്ട്ര വികസന പദ്ധതിയും (United Nations Development Programme) നടപ്പാക്കിയിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ സഹകരണത്തോടെ ബോട്ട് സുരക്ഷാ സംബന്ധമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്. റവന്യൂ, ആരോഗ്യം, പോലീസ്, കൃഷി, ജലസേചനം, വൈദ്യുതി, ഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്ത നിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് മിനിമം റിലീഫ് കോഡ് രൂപീകരിക്കുന്നതിനും കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ

താൽക്കാലികമായി മാറ്റിപാർപ്പിക്കുന്നതിന് ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം 27 സ്ഥിരം ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കടലാക്രമണ ഭീഷണി നേരിടുന്ന തീരദേശവാസികൾക്ക് തീരദേശത്ത് അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചുനൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രകൃതി ദുരന്തത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**അടിയന്തര ചോദ്യം നം.1**

**കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, 30-06-2016 വരെ കാലാവധി ദീർഘിപ്പിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ഡ്രൈവർ റാങ്ക് പട്ടികയുടെയും 30-06-2016-ന് കാലാവധി അവസാനിച്ച കണ്ടക്ടർ റാങ്ക് പട്ടികയുടെയും കാലാവധി 31-12-2016 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിയമനോപദേശം ലഭിച്ച 255 ഡ്രൈവർ ഉദ്യോഗാർത്ഥികൾക്ക് ഈ

മാസം അവസാനത്തോടുകൂടി നിയമനം നൽകുന്നതാണ്. പി.എസ്.സി. നിയമനോപദേശം നൽകുന്ന മുറയ്ക്ക് നിലവിലുള്ള 823 കണ്ടക്ടർ ഒഴിവുകൾ നികത്തുന്നതാണ്. 30-12-2016-നകം 358 ജൂനിയർ അസിസ്റ്റന്റുമാർ, 10 അസിസ്റ്റന്റ് സ്റ്റോർ കീപ്പർമാർ, 86 മെക്കാനിക്കുകൾ എന്നിവരുൾപ്പെടെ 1562 പേർക്ക് ജോലി നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകത പി.എസ്.സി.യുമായി ചർച്ച ചെയ്യുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2031 മുതൽ 2285 വരെയുള്ള ചോദ്യങ്ങളിൽ 106 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *